**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 132** **12-01-2021 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം പോലീസ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കുന്ദമംഗലം പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് സിറ്റിയിൽ കുന്ദമംഗലം പോലീസ് സ്റ്റേഷൻ നിർമ്മാണം ബഹു. പി.ടി.എ. റഹീം എം.എൽ.എ യുടെ ഫണ്ടിൽ നിന്നും 1,48,00,000/- രൂപ (ഒരു കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപ) കെട്ടിട നിർമ്മാണത്തിനും 95,00,000/- രൂപ (തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ) റോഡ് നിർമ്മാണത്തിനും അനുവദിച്ചത് ഉപയോഗിച്ച് കൊണ്ട് ടി പോലീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഇന്റീരിയർ, ഫർണിച്ചർ തുടങ്ങിയവയ്ക്കായി എത്ര തുക ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിന് തുക അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഇന്റീരിയർ, ഫർണ്ണിച്ചർ തുടങ്ങിയവയ്ക്കായി സംസ്ഥാന പോലീസ് മേധാവി Basic Amenity Fund ൽ നിന്നും 7,00,000/- രൂപ (ഏഴ് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ